LIBRARY ARCHIVES Kerala Legislative Assembly

മട്ടന്നൂർ കിൻഫ്ര വ്യവസായ പാർക്ക്

166 (4748) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മട്ടന്നൂരിലെ കിൻഫ്രാ വ്യവസായ പാർക്കിന് ഭരണാനുമതി നൽകിയത് എന്നാണ് ;

(ബി) പാർക്കിന്റെ ആകെ പ്രോജക്ട് എസ്റ്റിമേറ്റ് എത്രയാണ് ;

(സി) കേന്ദ്ര ധനസഹായത്തിനായി എത്ര തുകയുടെ പ്രോജക്ടാണ് സമർപ്പിച്ചത് ;

(ഡി) കേന്ദ്ര ധനസഹായത്തിനായി സമർപ്പിച്ച പ്രോജക്ടിന് അനുമതി ലഭിക്കുകയുണ്ടായോ ?

ഉത്തരം

(എ - സി) കേന്ദ്ര ധനസഹായത്തിനായി 40 കോടി രൂപയുടെ പ്രോജക്ടാണ് സമർപ്പിച്ചത്. ഈ വ്യവസായ പാർക്കിന്റെ ആദ്യഘട്ടത്തെ പദ്ധതിക്ക് 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയത് 28-6-2014-നാണ്.

(ഡി) അനുമതി ലഭിച്ചിട്ടില്ല.

കാസർഗോഡ് ജില്ലയിൽ പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിക്കാൻ നടപടി

167 (4749) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽ കുമോ :

കാസർഗോഡ് ജില്ലയിൽ പൊതുമേഖലാ വ്യവസായസ്ഥാപനങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

കാസർഗോഡ് ജില്ലയിൽ വ്യവസായ വകുപ്പിന്റെ അധീനതയിൽ പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല

വ്യവസായശാലകൾ

168 (4750) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി എത്ര വ്യവസായ ശാലകൾ ആരംഭിച്ചിട്ടുണ്ട് ;

(ബി) സർക്കാർ ഉടമസ്ഥതയിൽ ആരംഭിച്ച വ്യവസായശാലകൾ ഏതൊക്കെയാണെന്ന് ജില്ല തിരിച്ച് കണക്കുകൾ നൽകാമോ ;

(സി) കാസർഗോഡ് ജില്ലയിൽ പുതിയ വ്യവസായശാലകൾ ആരംഭിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ പുതിയ വ്യവസായങ്ങൾക്ക് തുടക്കം കുറിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ഐ.ഡി.സി.-യുടെ ധനസഹായത്തോടെ പ്രവർത്തനമാരംഭിച്ച 32 വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തരം സംസ്ഥാനത്താകെ 50097 വ്യവസായശാലകൾ പുതുതായി ആരംഭിച്ചതിന്റെ ഭാഗമായി Entrepreneur Part II ഫയൽ ചെയ്തിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സിഡ്കോയുടെ കീഴിൽ 42 വ്യവസായ ശാലകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) കെ.എസ്.ഐ.ഡി.സി.-യുടെ ധനസഹായത്തോടെ സർക്കാർ ഉടമസ്ഥതയിൽ ആരംഭിച്ച വ്യവസായശാല തൃശ്ശൂർ ജില്ലയിലെ സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തരം കോട്ടയം, കാസർഗോഡ് ജില്ലകളിൽമാത്രമേ സർക്കാർ ഉടമസ്ഥതയിൽ വ്യവസായ ശാലകൾ ആരംഭിച്ചിട്ടുള്ളൂ.

കോട്ടയം : കോട്ടയം ജില്ലയിൽ വൈക്കം താലൂക്കിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായി മോഡേൺ റൈസ് മിൽ എന്ന യൂണിറ്റ് പ്രവർത്തനമാരംഭിച്ചു.

കാസർഗോഡ് : കാസർഗോഡ് ജില്ലയിലെ മൈലാട്ടിയിൽ ഉരുമ സ്പിന്നിംഗ് മിൽ, സർക്കാർ ഉടമസ്ഥതയിൽ സ്ഥാപിച്ചിട്ടുണ്ട്.

(സി & ഡി) വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തരം ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, കാസർഗോഡ് 2105 വ്യവസായശാലകൾ ആരംഭിച്ചിട്ടുണ്ട്.

കെ.എസ്.ഐ.ഡി.സി.-യുടെ ധനസഹായത്തോടെ കാസർഗോഡ് ജില്ലയിൽ മലബാർ ഇസ്പാറ്റ് ലിമിറ്റഡ് എന്ന വ്യവസായ സ്ഥാപനം പ്രവർത്തനം ആരംഭിക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്.

ഇതുകൂടാതെ കാസർഗോഡ് ജില്ലയിലെ പുല്ലൂർ-പെരിയ ഗ്രാമപഞ്ചായത്തിൽ ഒരു വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള ശ്രമങ്ങൾ സിഡ്കോ നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly